**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 380** **29.06.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതി തടസ്സം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ തിരുമല ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തന പരിധിയിലുള്ള ഞാലിക്കോണം, കരിങ്കാളി ക്ഷേത്രം റോഡ് - പ്രദേശങ്ങളിൽ ദിവസേന ദീർഘനേരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ പ്രസ്തുത അപാകതയുടെ കാരണവും അത് എന്നത്തേക്ക് പരിഹരിക്കുമെന്നും വ്യക്തമാക്കുമോ ? | (എ) & (ബി) | ഉണ്ട്. തിരുമല സബ് സ്റ്റേഷനിൽ നിന്നും നേമം സെക്ഷനിലേക്ക് പോകുന്ന നേമം ഫീഡറിൽ നിന്നാണ് തിരുമല സെക്ഷന്റെ പരിധിയിലുള്ള കുന്നപ്പുഴ, തൃക്കണ്ണാപുരം എന്നീ ട്രാൻസ്ഫോർമറുകളിലേക്ക് വൈദ്യുതി എത്തിക്കുന്നത്. ടി ഫീഡർ ഓവർ ഹെഡ് ലൈൻ ആയതിനാൽ മഴക്കാലത്ത് വൈദ്യുതി തടസ്സം കൂടുതലാണ്. രണ്ട് സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ചില സമയങ്ങളിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിനും ചെറിയ കാലതാമസം വരാറുണ്ട്. വൈദ്യുത തടസ്സം കുറയ്ക്കുന്നതിനായി പ്രസ്തുത ഓവർ ഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RAPDRP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ വൈദ്യുതി തടസ്സം ഉണ്ടാകുന്നത് പരിഹരിക്കപ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**